### ശിശുദിനാഘോഷം

# ചാച്ചാജിയായി സി ആർ ആദ്യലക്ഷ്മി; പ്രസിഡന്റ് ദിയ റോസ്

തൃശൂർ

ശിശുദിനാഘോഷത്തിൽ ചാച്ചാജിയായി സി ആർ ആദ്യലക്ഷ്മിയേയും പ്രസിഡന്റായി ദിയ റോസിനേയും സ്പീക്കറായി ടി പി കീർത്തനയേയും തെരഞ്ഞെടുത്തു. ജില്ലാ ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയവരെയാണ് തെരഞ്ഞെടുത്തത്.

എൽപി വിഭാഗത്തിൽ നടന്ന പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ തൃശൂർ സേക്രഡ് ഹാർട്ട് കോൺവെന്റ് എൽപി സ്കൂളിലെ സി ആർ ആദ്യലക്ഷ്മിയേ ചാച്ചാജിയായും യുപി വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ വടക്കാഞ്ചേരി സെന്റ് പയസ് യു പി സ്കൂളിലെ ദിയ റോസിനെ പ്രസിഡന്റായും ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ മതിലകം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിലെ ടി പി കീർത്തനയെ സ്പീക്കറായും തെരഞ്ഞെടുത്തു.

മത്സരങ്ങളുടെ ഉദ്ഘാടനം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ടി വി മദന മോഹനൻ നിർവഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് ഡോ.എം എൻ സുധാകരൻ അധ്യക്ഷനായി. എം കെ പശുപതി, പി കൃഷ്ണൻകുട്ടി, എൻ ചെല്ലപ്പൻ, ഡോ. വി കെ വിജയൻ, ഡോ. പി ഉഷ, ബാലകൃഷ്ണൻ അഞ്ചത്ത്, ടി വി ബാലകൃഷ്ണൻ, കോലഴി നാരായണൻ, പോൾസൺ താണിക്കൽ, പി കെ വിജയൻ എന്നിവർ സംസാരിച്ചു.



സി ആർ ആദ്യലക്ഷ്മി, ദിയ റോസ്, ടി പി കീർത്തന

## വിജയികൾ: 1, 2, 3 ക്രമത്തിൽ

**എൽ പി വിഭാഗം:** സി ആർ ആദ്യലക്ഷ്മി (സേക്രഡ് ഹാർട്ട് കോൺവെന്റ് എൽപി സ്കൂൾ, തൃശൂർ), ആൻമരിയ ഷാജു (എൽഎഫ്എൽപി സ്കൂൾ തലോർ), അമൽ പർവീൻ, വാണീവിലാസം യുപിഎസ് പാടൂർ.

**യു പി വിഭാഗം:** ദിയ റോസ് (സെന്റ് പയസ് യുപി സ്കൂൾ വടക്കാഞ്ചേരി), സാവിയോ സി ഷോബി (വാണിവിലാസം യുപി സ്കൂൾ പാടൂർ), എസ് തർ ജോസ് (സെന്റ് റാഫേൽ ഹയർ സെക്കൻഡറി സ്കൂൾ ഒല്ലൂർ).

**ഹൈസ്കൂൾ വിഭാഗം:** ടി പി കീർത്തന(സെന്റ് ജോസഫ്സ്ഹയർ സെക്കൻഡറി സ്കൂൾ മതിലകം), ഫാത്തിമ സന (എൻഎസ്എസ് ഹയർ സെക്കൻഡറി സ്കൂൾ മുള്ളൂർക്കര), മിത്ര കെ സുരേഷ് (സേക്രഡ് ഹാർട്ട് കോൺവെന്റ് ഹയർ സെക്കൻഡറി സ്കൂൾ, തൃശൂർ).

